# Diocese of Vijayapuram

## CIRCULAR LETTER

VOL.XIV ▪ NO.03 ▪ 2020 ▪ MARCH ▪ 2020


## ഹോസാന -

### "ഞങ്ങൾ അപേക്ഷിക്കുന്നു ഞങ്ങളെ രക്ഷിക്കണമേ."

വന്ദ്യ വൈദികരേ, ബഹു. സന്യസ്തരേ, യേശുവിൽ പ്രിയ മക്കളേ,

കോവിഡ് 19 എന്ന പകർച്ചവ്യാധിയുടെ മുമ്പിൽ ലോകം പകച്ചു നിൽക്കുന്ന ഈ പശ്ചാത്തലത്തിൽ വിശ്വാസികൾ ഏവർക്കും പ്രത്യാശയോടെ ആലപിക്കാവുന്ന സങ്കീർത്തനം, "കർത്താവേ ഞങ്ങളെ രക്ഷിക്കണമേ, കർത്താവേ, ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു, ഞങ്ങൾക്ക് വിജയം നൽകണമേ" (സങ്കീ.118, 25). നാം അതീവ താൽപര്യത്തോടും ഒരുക്കത്തോടും കാത്തിരുന്ന വിശുദ്ധവാരം സമീപിച്ചിരിക്കുകയാണല്ലോ. നമ്മുടെ മനസിനും ഹൃദയത്തിനും കുളിർമയും ആനന്ദവും പകരുന്ന ഒരു ഗൃഹാതുരത്വത്തിന്റെ അനുഭവത്തിലേക്ക് സ്വാഗതം ചെയ്യുന്ന കുരുത്തോല തിരുനാൾ - കർത്താവിന്റെ സാഘോഷമായ ജറുസലേം പ്രവേശനം.

ആശീർവ്വദിക്കപ്പെട്ട കുരുത്തോലകൾ ഉയർത്തിപ്പിടിച്ച് ദൈവാലയത്തിലേക്കുള്ള പ്രദക്ഷിണം, "കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ, ദാവീദിൻ സുതനോശാന" എന്ന് ഗായകസംഘത്തോടൊപ്പം ആലാപനം, മൂന്നുപേരുടെ നേതൃത്വത്തിൽ നമ്മുടെ കർത്താവിന്റെ പീഡാസഹന വായന എല്ലാം നമ്മുടെ തപസ്സാചരണത്തിന്റെ ഉച്ചകോടിയിലെത്തുന്ന തിരുകർമ്മങ്ങളായിരുന്നു. അതെല്ലാം വെറും ഓർമ്മകൾ മാത്രമോ എന്ന ചിന്ത ചിലർക്കെങ്കിലും ഉൾക്കൊള്ളുവാൻ കഴിയുകയില്ലയെന്നത് പരമാർത്ഥമാണ്. ആണ്ടു കുമ്പസാരം നടത്തുന്നതിനോ, ധ്യാനത്തിൽ പങ്കെടുക്കുന്നതിനോ, കുരിശിന്റെ വഴിയിലൂടെ യാത്ര ചെയ്യുന്നതിനോ ഒന്നും സാദ്ധ്യമാകാത്ത അവസ്ഥ! എന്നാൽ ഭയപ്പെടരുത്. ദൈവം അറിയാതെ ഒന്നും സംഭവിക്കുകയില്ല. എല്ലാം നന്മയ്ക്കായി എന്ന് കരുതുവാൻ ഏവർക്കും കഴിയട്ടെ. ഇതുവരെയുള്ള നോമ്പാചരണം അതിനുള്ള ശക്തി നമുക്കു പ്രധാനം ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നു. പ്രാർത്ഥനകളും ഉപവാസവും സ്നേഹപ്രവർത്തികളും

തീവ്രമായി തുടരണമേയെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

**<u>യേശുവിന്റെ ജറുസലേം പ്രവേശനം</u>**

പീഡകൾ സഹിച്ച് മരിച്ച് ഉത്ഥാനം ചെയ്യുക എന്ന രക്ഷാകരപദ്ധതിയുടെ സാക്ഷാത്കാരത്തിനാണ് യേശുനാഥൻ ആഘോഷപൂർവ്വം ജറുസലേമിൽ പ്രവേശിക്കുവാൻ തീരുമാനിക്കുന്നത് (മത്തായി 16,21). ഈ ആരാധനക്രമ വർഷത്തിൽ (A) കുരുത്തോല ആശിർവാദത്തിനുശേഷം വായിക്കപ്പെടുന്ന സുവിശേഷം മത്തായിയുടെ 21 അദ്ധ്യായം 1 മുതൽ 11 വരെയുള്ള വാക്യങ്ങളാണ്. പഴയനിയമത്തിലെ രണ്ടുപ്രവചനങ്ങളുടെ പൂർത്തീകരണമായി ഈ മഹാസംഭവത്തെ കാണാവുന്നതാണ്. "സീയോൻ പുത്രീ, അതിയായി ആനന്ദിക്കുക. ജറുസലെം പുത്രീ, ആർപ്പുവിളിക്കുക. ഇതാ, നിൻെറ രാജാവ് നിൻെറ അടുക്കലേക്കു വരുന്നു. അവൻ പ്രതാപവാനും ജയശാലിയുമാണ്. അവൻ വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറിവരുന്നു."(സഖറിയാ 9,9 ; ഏശയ്യ 62,11).

പഴയനിയമത്തിൽ തിരുനാളാഘോഷങ്ങളോടൊപ്പമുള്ള പ്രദക്ഷിണങ്ങളിൽ ജനം മരച്ചില്ലകൾ ഉയർത്തിപ്പിടിക്കുമായിരുന്നു. പ്രധാനമായും കൂടാരത്തിരുനാളുകളിലും (ലേവ്യ 23,39-40) ദൈവാലയത്തിന്റെ പുനർസമർപ്പണവേളകളിലുമായിരുന്നു (2 മക്ക 10,5-8). കൂടാരത്തിരുന്നാൾ എഴു ദിവസങ്ങളിലായിട്ടാണ് ആഘോഷിച്ചിരുന്നത്. "ആദ്യത്തെ ആറു ദിവസവും പുരോഹിതൻ സങ്കീർത്തനം 118, 25 ഓരോ പ്രാവശ്യം ഉരുവിടുമായിരുന്നു. ഏഴാം ദിവസം അൾത്താര ചുറ്റുന്ന പുരോഹിതൻ ഏഴുപ്രാവശ്യം ഹോസാന പാടുമ്പോൾ ജനം മരച്ചില്ലകൾ വീശിയിരുന്നു." (ബൈബിൾ നിഘണ്ടു). പിന്നീടാണ് തീർത്ഥാടകർ തിരുനാളിൽ കൂട്ടംകൂട്ടമായി ജെറുസലേം പട്ടണത്തിൽ പ്രവേശിക്കുമ്പോൾ ജനം മരച്ചില്ലകൾ ഉയർത്തി സ്വാഗതം ചെയ്യുന്ന പാരമ്പര്യമുണ്ടായത്. രക്ഷകനായി കാത്തുകഴിയുന്ന യഹൂദജനം തിരുനാളിന് വരുന്നവരിൽ ആരെങ്കിലും മിശിഹാ ആയിരിക്കുമെന്ന് ആശിച്ചിരുന്നു. രാജാക്കന്മാർ കഴുതപുറത്ത് എഴുന്നള്ളി വരുന്നത് സമാധാനപ്രിയനും വിനയാന്വിതനുമാണെന്ന് വെളിപ്പെടുത്തുവാനായിരുന്നു. ഈ പശ്ചാത്തലത്തിലാണ് യേശുനാഥന്റെ വരവ്. അവൻ തന്നെയാണ് തങ്ങളുടെ രക്ഷകൻ എന്ന വിശ്വാസത്തോടെ ചിലർ തങ്ങളുടെ വസ്ത്രങ്ങൾ കഴുതയുടെ മേൽ വിരിച്ചു, മറ്റു ചിലർ തങ്ങളുടെ മേലങ്കികൾ വഴിയിൽ വിരിച്ചു, ചിലർ വൃക്ഷങ്ങളുടെ ചില്ലകൾ മുറിച്ച് വഴിയിൽ നിരത്തി, എന്നിട്ട് ജനം

ആർത്തു വിളിച്ചു, "ദാവീദിന്റെ പുത്രന് ഹോസാന! കർത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗ്രഹീതൻ ,ഉന്നതങ്ങളിൽ ഹോസാന" (മത്തായി 21,8-9). ഒരു രക്ഷകനു വേണ്ടി പ്രത്യാശയോടെ കാത്തിരുന്ന ജനം അവർ അറിയാതെ തന്നെ ഏറ്റുപറയുകയായിരുന്നു കഴുതപ്പുറത്തു വരുന്ന യേശു തങ്ങളുടെ മിശിഹാ ആണെന്ന്. എന്നാൽ യേശുനാഥന് എല്ലാം അറിയാമായിരുന്നു- സ്വീകരണം നയിക്കുന്നവരിൽ പലരും കുറച്ചു ദിവസങ്ങൾക്ക് ശേഷം തന്നെ കൊലയ്ക്ക് കൊടുക്കുവാൻ അട്ടഹസിക്കുമെന്നും, തന്റെ ശരീരം പിച്ചിച്ചീന്തി കുരിശിൽ തറച്ചു കൊല്ലുമെന്നും, എന്നാൽ മൂന്നാം നാൾ വിജയശ്രീലാളിതനായി ഉയർത്തെഴുന്നേൽക്കുമെന്നും .അവിടുത്തെ മനുഷ്യാവതാരം മനുഷ്യകുലത്തിന്റെ പാപത്തിനു പരിഹാരമാനുഷ്ഠിക്കാനുള്ള ദൈവത്തിന്റെ രക്ഷാകര പദ്ധതിയുടെ - സ്നേഹബലിയുടെ - പൂർത്തീകരണത്തിനായിരുന്നുവെന്ന് നാം വിശ്വസിക്കുന്നു.

"ഹോഷിയാനാ" യെന്നതിന് ഹെബ്രായഭാഷയിൽ "ഞങ്ങളെ രക്ഷിക്കണമേ" എന്നാണർത്ഥം. ഇന്നത്തെ സാഹചര്യത്തിൽ ഈ വാക്കിന്റെ അർത്ഥം ശരിയായി ഉൾക്കൊണ്ടുകൊണ്ട് നമുക്ക് പ്രാർഥിക്കാം: "യേശുനാഥാ രക്ഷിക്കേണമേ". നാം എത്രയോ പ്രാവശ്യം കുരുത്തോല തിരുനാളുകളിലും ആരാധന വേളകളിലും ഹോസാന ഹോസാന എന്ന് ഏറ്റുപാടിയിട്ടുണ്ട്. എന്നാൽ അതിഭയാനകമായ ഈ പകർച്ചവ്യാധിയുടെ മുമ്പിൽ മനുഷ്യന്റെ സർവ്വകഴിവുകളും ജ്ഞാനവും ശാസ്ത്രീയ സാങ്കേതിക വിദ്യകളും പണവും പ്രതാപവുമെല്ലാം അടിയറവുപറയുമ്പോൾ എല്ലാറ്റിന്റെയും ഉടയവനായ സർവ്വേശ്വരന്റെ മുമ്പിൽ മുഴങ്കാൽമടക്കി പൂർണ്ണമനസ്സോടെ ആലപിക്കാം. ***ഹോസാന*** - നാഥാ രക്ഷിക്കണമേ.

<u>**കുരുത്തോല ഞായറാഴ്ച - നമ്മുടെ ഭവനങ്ങളിൽ**</u>

ആദിമസഭയിൽ വിശ്വാസികൾ "ഏകമനസ്സോടെ താൽപര്യപൂർവ്വം അനുദിനം ദൈവാലയത്തിൽ ഒന്നിച്ചു കൂടുകയും ഭവനംതോറും അപ്പം മുറിക്കുകയും ഹൃദയ ലാളിത്യത്തോടും ആഹ്ലാദത്തോടും കൂടെ ഭക്ഷണത്തിൽ പങ്കുചേരുകയും ചെയ്തിരുന്നു."(അപ്പ. 2,45-46). എന്നാൽ വി.ലൂക്കാ വ്യക്തമാക്കുന്നത് ,വിശ്വാസികൾ പ്രഥമവും പ്രധാനവുമായ പരിഗണന നൽകിയത് അപ്പസ്തോലന്മാരിൽ നിന്നും വചനം ശ്രവിക്കുന്നതിനായിരുന്നു. രണ്ടാമത് കൂട്ടായ്മക്കും സഭയിൽ അവശതയനുഭവിക്കുന്നവർക്ക് പ്രത്യേക കരുതൽ നല്കുന്നതിനുമായിരുന്നു. അതിനുശേഷമായിരുന്നു അപ്പംമുറിക്കൽ ശുശ്രൂഷ (ഇന്നത്തെ കുർബ്ബാന) നടത്തിയിരുന്നത്. അവസാനം കൃതജ്ഞതാസ്തോത്രങ്ങളും അർപ്പിക്കുമായിരുന്നു. ദൈവാലയങ്ങളിൽ പോകുവാൻ സാദ്ധ്യമാകാത്ത ഈ അവസ്ഥയിൽ

ആദിമസഭയിലെപ്പോലെ നമുക്ക് നമ്മുടെ ഭവനങ്ങളിലിരുന്ന് ദൈവത്തെ സ്തുതിക്കുകയും പുകഴ്ത്തുകയും ആരാധിക്കുകയും ചെയ്യാം. നമ്മുടെ ഇടവക ദൈവാലയത്തിലെ തിരുകർമ്മങ്ങളുടെ യഥാസമയം നമ്മുടെ ഭവനങ്ങളിൽ പ്രാർഥന ശുശ്രൂഷകൾ നടത്തി സഭയോടൊത്ത് പ്രാർഥിക്കാവുന്നതാണ്.

ഓശാന ഞായറഴ്ച കുരുത്തോലകളുടെ അഭാവം ഒരു വലിയ പ്രശ്നമായി എടുക്കേണ്ടതില്ല. സുവിശേഷകന്മാരിൽ വി.യോഹന്നാൻ മാത്രമാണ് “ഈന്തപ്പനയുടെ കൈകൾ എടുത്തുകൊണ്ട് അവനെ എതിരേൽക്കാൻ പുറപ്പെട്ടു.” എന്ന് രേഖപ്പെടുത്തിയിരിക്കുന്നത് (യോഹ 12,13). എന്നാൽ നമ്മെ സംബന്ധിച്ചിടത്തോളം യേശുവിനെ നമ്മുടെ രക്ഷകനും നാഥനുമായി നാം അംഗീകരിക്കുന്നുണ്ടോയെന്നതാണ് പ്രധാനം. അവനു കയറുവനായി ഒരു കഴുതയായി മാറാൻ തയ്യാറാണോ? അവനോടൊത്ത് പെസഹാ ഭക്ഷിക്കാൻ സന്നദ്ധമാണോ ? പാപപരിഹാരത്തിനായി ക്രൂശിക്കപ്പെടാൻ ഒരുക്കമാണോ ? അവൻ പ്രദാനം ചെയ്ത ഉത്ഥാനത്തിന്റെ ചൈതന്യത്തിൽ വ്യാപരിക്കുവാനുത്തകതക്കവിധം മാനസാന്തരത്തിന്റെ വഴിയിലേക്കു തിരിയാമോ ? എങ്കിൽ ഇത്തവണത്തെ ഹോസാനാചരണം ഫലപ്രദമായി മാറും.

നമ്മുടെ ആയുസിൽ ആദ്യമായിട്ടായിരിക്കാം ഇടവക ദൈവാലയത്തിലെ വിശുദ്ധവാര ശുശ്രുഷകളിൽ ഭാഗഭാക്കാകാൻ തടസ്സമായിരിക്കുന്നത്. എന്നാൽ ഇപ്പോൾ നാം നന്ദിപൂർവ്വം ഓർക്കണം. നാം സ്വതന്ത്രമായി തിരുനാളുകൾ ആഘോഷിച്ചിരുന്ന വേളകളിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ മതമർദ്ദനമോ, യുദ്ധമോ, പ്രകൃതി ദുരന്തങ്ങളോ, ഭൗതികവും ലൗകീകവുമായ സ്വാധീനവലയങ്ങളിലകപ്പെട്ടോ കാരാഗ്രഹവാസം കൊണ്ടോ പരദേശികളായതുകൊണ്ടോ എത്രയോ മനുഷ്യ സഹോദരങ്ങൾക്കു കൂദാശകൾ അപ്രാപ്യമായിരുന്നു. നമ്മുടെ കാര്യങ്ങളിൽ മാത്രം ശ്രദ്ധ ചെലുത്തിയിരുന്നതിനാൽ ഇപ്രകാരമുള്ള യാഥാർത്ഥ്യം നമുക്ക് അപ്രസക്തമായിരുന്നു. തികഞ്ഞ വേദനയോടും നിറഞ്ഞ വിശ്വാസത്തോടും നമ്മുക്ക് ദൈവത്തോടു മാപ്പപേക്ഷിക്കാം – നമ്മെ രക്ഷിക്കണമേയെന്ന് ഹോസാന കീർത്തനം പാടി ദൈവസാഹായം യാചിക്കാം. കത്തോലിക്കാസഭ കുരുത്തോല ഞായറഴ്ച ഭൗതികമായ ഒരു ആഘോഷമെന്നതിനെക്കാൾ കർത്താവിന്റെ പീഡാസഹനങ്ങളെക്കുറച്ചു ധ്യാനിക്കുവാനുള്ള പീഡാസഹന ഞയറാഴ്ചയായിട്ടാണ് (Passion Sunday) ശ്രദ്ധ ചെലുത്തുന്നതെന്ന വസ്തുത നാം വിസ്മരിക്കരുത്. ഈശോയൊടൊത്ത് യാത്ര ചെയ്യുന്ന പരിശുദ്ധ അമ്മയെ നമുക്ക് അനുകരിക്കാം.

വിശുദ്ധവാരത്തിലെ പ്രധാന ദിനങ്ങളിലെ ശുശ്രൂഷകൾ ഭവനങ്ങളിൽ നടത്തപ്പെടുന്നതിനുള്ള ആരാധന ശുശ്രൂഷ സഹായി സംലഭ്യമാക്കുന്നതാണ്. അവ മാതൃകയായി സ്വീകരിക്കണമെന്ന് താൽപര്യപ്പെടുന്നു..

കുരുത്തോല തിരുനാളിന്റെ അനുഗ്രഹങ്ങൾ ഏവർക്കും ആശംസിക്കുകയും നിങ്ങളേവരെയും പരിശുദ്ധ വിമലഗിരി മാതാവിന്റെ സവിധേ സമർപ്പിക്കുകയും ചെയ്തു കൊണ്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ആശീർവദിച്ചുകൊള്ളുന്നു.

കോട്ടയം — + സെബാസ്റ്റ്യൻ തെക്കെതേച്ചേരിൽ

31-03-2020 — വിജയപുരം മെത്രാൻ

---

*NB*: ഈ സർക്കുലർ എല്ലാ വിശ്വാസികളിലും എത്തിക്കുവാൻ ബഹുമാനപ്പെട്ട വൈദികർ ശ്രമിക്കണം